**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2961** **10-03-2025 - ൽ മറുപടിയ്ക്ക്**

**കാട്ടാക്കട മണ്ഡലത്തിലെ ജൽജീവൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കാട്ടാക്കട മണ്ഡലത്തിലെ ജൽജീവൻ മിഷൻ പ്രവൃത്തികൾ അനന്തമായി നീണ്ടു പോകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | കാട്ടാക്കട മണ്ഡലത്തിൽ ജല ജീവൻ മിഷനിൽ ഉൾപ്പെടുത്തി 56588 കണക്ഷനുകൾ നൽകുന്നതിനാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. പൊതുമരാമത്ത് വകുപ്പിൽ നിന്നും അനുമതി ലഭിക്കാത്തത് പ്രവൃത്തികൾ വൈകുന്നതിന് കാരണമാകുന്നു. ഫണ്ടിന്റെ ലഭ്യത കുറവും പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കാത്തതിന് കാരണമായിട്ടുണ്ട്. |
| (ബി) | മുക്കംപാലമൂട്-വലിയറത്തല റോഡ്, പോങ്ങുമൂട് അണപ്പാട് റോഡ്, മലയിൻ കീഴ്-മഞ്ചാടി റോഡ്, അന്തിയൂർക്കോണം-മുണ്ടകോണം റോഡ്, കുന്നിൻ പാറ-കുരുവിൻ മുകൾ -മഞ്ചേൽ റോഡ് എന്നീ റോഡുകളിലെ ജൽജീവൻ മിഷന്റെ പ്രവൃത്തികൾ ഏറ്റെടുത്ത കോൺട്രാക്ടർ, നിർവ്വഹണ ചുമതലയുള്ള ഉദ്യോഗസ്ഥർ, എഗ്രിമെന്റ് തീയതി, പൂർത്തീകരണ തീയതി എന്നിവ തരംതിരിച്ച് വ്യക്തമാക്കാമോ; | (ബി) | ടി പ്രവൃത്തിയുടെ കരാറുകാരൻ ശ്രീ. ബി. ഉണ്ണികൃഷ്ണൻ ആണ്. ടി പ്രവൃത്തിയുടെ നിർവ്വഹണ ചുമതലയുള്ള ഉദ്യോഗസ്ഥർ നെയ്യാറ്റിൻകര അസിസ്റ്റന്റ് എഞ്ചിനീയർ, നെയ്യാറ്റിൻകര അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, നെയ്യാറ്റിൻകര എക്സിക്യൂട്ടീവ് എഞ്ചിനീയർ, തിരുവനന്തപുരം സൂപ്രണ്ടിങ് എഞ്ചിനീയർ എന്നിവരാണ് എഗ്രിമെന്റ് തീയതി. 01/06/2023 ആണ്. ടി പ്രവൃത്തിയുടെ കരാർ പ്രകാരമുള്ള പൂർത്തീകരണ തീയതി 08/10/2023 ആണ്. 31/03/2025 വരെ പ്രവൃത്തി പൂർത്തീകരണ സമയ പരിധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. |
| (സി) | നിലവിലെ സാഹചര്യത്തിൽ പ്രസ്തുത സ്ഥലങ്ങളിലെ ജൽജീവൻ മിഷൻ പ്രവൃത്തികൾ എന്ന് പൂർത്തിയാക്കാനാകുമെന്ന് വിശദമാക്കാമോ? | (സി) | കാട്ടാക്കട മണ്ഡലത്തിലെ ജല ജീവൻ മിഷൻ പ്രവൃത്തികൾ 2025 മെയ് മാസത്തിനകം പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ